പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

12.12.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1008

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ മൈക്രോ ക്രെഡിറ്റ് വായ്പ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ മൈക്രോ ക്രെഡിറ്റ് വായ്പ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) യും (ബി) യും പിന്നോക്ക സമുദായങ്ങളിലെ ഏറ്റവും ദരിദ്രരായവർക്ക് വരുമാനദായകമായ പ്രവൃത്തിയിൽ ഏർപ്പെടുന്നതിനുവേണ്ടി കുറഞ്ഞ തുക വേഗത്തിലും മറ്റ് നടപടി ക്രമങ്ങൾ ഒഴിവാക്കിക്കൊണ്ടും, ലഭ്യമാക്കുന്നതിനുവേണ്ടിയാണ് മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ പദ്ധതി മറ്റ് പിന്നോക്ക / ന്യൂനപക്ഷ വിഭാഗങ്ങളിലെ തൊഴിൽ സംരംഭകരെ ചെറുകിട തൊഴിലുകളിൽ പ്രാപ്തരാക്കുന്നതിന് കൂടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അർഹതപ്പെട്ട കൂടുതൽ ജനവിഭാഗങ്ങളിലേക്ക് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുതല CDS-കൾ മുഖേന കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന സന്നദ്ധ സംഘടനകളുടെ കീഴിലുള്ള അംഗീകൃത സ്വയം സഹായ സംഘങ്ങളിലെ (SHG) അംഗങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. സന്നദ്ധ സംഘടനകൾ / സി.ഡി.എസുകൾ മുഖേനയാണ് കോർപ്പറേഷൻ ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതി<br>• നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകളെ തിരഞ്ഞെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | |
| (സി) സന്നദ്ധ സംഘടനകളെ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ; | (സി) അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (ഡി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) കേന്ദ്ര ഏജൻസികളായ നാഷണൽ ബാക്ക്‌വേർഡ് ക്ലാസ്സസ്സ് ഫിനാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (NBCFDC), നാഷണൽ മൈനോറിറ്റി ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (NMDFC) എന്നിവയിൽ നിന്നുള്ള ധനസഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

<u>സന്നദ്ധ സംഘടനകളെ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

1) Societies Registration Act 1860, Companies Act 1956, Kerala Co-operative Societies Act 1969, Public Charitable Trust Act 1852, Travancore - Cochin Literary Scientific and Charitable Societies Act 1955 തുടങ്ങി നിലവിലുള്ള ഏതെങ്കിലും ഒന്നിൽ നിയമാനുസൃതമായി രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനയായിരിക്കണം.

2) നിയമപരമായി രജിസ്റ്റർ ചെയ്ത് കുറഞ്ഞത് 5 വർഷക്കാലം നിയമസാധുത ഉള്ളതും ഇപ്പോൾ തുടരുന്നതുമായിരിക്കണം.

3) ലഘുവായ്പാ പദ്ധതിയിൻമേൽ കുറഞ്ഞത് 3 വർഷമെങ്കിലും പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം. സന്നദ്ധ സംഘടനയുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾ (SHG) കുറഞ്ഞത് 6 മാസം മുമ്പെങ്കിലും രജിസ്റ്റർ ചെയ്തവരായിരിക്കണം.

4) NGO-ലെ അംഗങ്ങൾ മതിയായ സേവന തത്പരരായിരിക്കണം. സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും, വൈദഗ്ദ്ധ്യ തൊഴിലിലും പരിശീലനം നൽകുന്നതിനും സാമ്പത്തികമായ മറ്റു കാര്യങ്ങളിലുമുള്ള നിർവ്വഹണത്തിൽ ഏർപ്പെടേണ്ടത് സന്നദ്ധ സംഘടനയാണ്.

5) അക്കൗണ്ടിംഗ് സംവിധാനം യഥാക്രമം നടത്തിയാൽ ചാർട്ടേഡ് അക്കൗണ്ടന്റിനെകൊണ്ട് ആഡിറ്റിംഗിന് വിധേയമാക്കിയിരിക്കണം.

6) സന്നദ്ധ സംഘടനയിലെ ഭാരവാഹികൾ രാഷ്ട്രീയ കക്ഷികളുടെ ഭാരവാഹികളോ സർക്കാർ ഉദ്യോഗസ്ഥരോ ആയിരിക്കരുത്.

7) ലഘുവായ്പ എടുത്തിട്ടുള്ള NGO കളുടെ കേസിൽ കുറഞ്ഞത് 80% എങ്കിലും തിരിച്ചടവ് ഉണ്ടായിരിക്കണം.

സെക്ഷൻ ഓഫീസർ